# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4385 21.03.2018-ൽ മറുപടിയ്ക്ക്

### നോർക്ക മുഖേനയുള്ള പദ്ധതികൾ

**ചോദ്യം**
ശ്രീ.കെ.വി. വിജയദാസ്

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നോർക്ക മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; വിശദവിവരം നല്കുമോ ;

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക-റൂട്ട്സ് മുഖേന നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം;
- വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം;
- തൊഴിൽ വൈദഗ്ധ്യ പരിശീലനം;
- മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ധ്യ പരിശീലനം;
- ലോക കേരള സഭ;
- ആഗോള സാംസ്കാരികോത്സവം ;
- തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി;
- നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ;
- സ്വപ്ന സാഫല്യം;
- കാൾ സെന്റർ;
- സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ;
- ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും, ഡാറ്റാബേയ്സ് രൂപീകരണവും പദ്ധതി;
- എൻ.ആർ.കെ. ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)
- എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്;
- നോർക്ക വഴിയുള്ള റിക്രൂട്ട്മെന്റ്;
- സാന്ത്വന പദ്ധതി;
- കാരുണ്യം;
- ചെയർമാൻ ഫണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യയ്ക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ കേരളീയരുടെ പൊതു വേദിയായി വിഭാവനം ചെയ്തുകൊണ്ട് ലോക കേരളസഭ രൂപീകരിച്ചിട്ടുണ്ട്. ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിന് വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം.

ബി) ലോക കേരള സഭയിൽ വന്നു ചേർന്നിട്ടുള്ള നിർദ്ദേശങ്ങൾ നോർക്കയുടെ നടത്തിപ്പിന് കൂടുതൽ സഹായകരമായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ;

ബി) ലോക കേരള സഭയിൽ വന്നു ചേർന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് വരുന്നു. അവ അന്തിമമാകുന്ന മുറയ്ക്ക് നോർക്കയുടെ പ്രവർത്തനത്തിന് കൂടുതൽ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സി) ലോക കേരള സഭയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ നോർക്ക മുഖേനയാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദ വിവരം നല്കാമോ ?

സി) കേരളത്തിന്റെ സാമ്പത്തിക വാണിജ്യ സാംസ്കാരിക മേഖലകളിൽ വളരെ അധികം പുരോഗമനം കൈവരിക്കാൻ ഉതകുന്ന നിർദ്ദേശങ്ങളാണ് ലോക കേരളസഭയിൽ ഉയർന്നുവന്നിട്ടുള്ളത്. നോർക്കയ്ക്ക് പ്രസ്തുത നിർദ്ദേശങ്ങളുടെ നടത്തിപ്പിൽ പ്രമുഖ പ്രാധാന്യം ഉണ്ടെങ്കിലും പല നിർദ്ദേശങ്ങളുടെയും നടത്തിപ്പിന് മറ്റ് വകുപ്പുമായും ഏജൻസികളുമായും സഹകരിക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**